➪ *കർഷകർ ജീവിതമാർഗ്ഗങ്ങൾ നഷ്ടപ്പെടുത്തി എല്ലാം സഹിക്കണമെന്ന് വരുന്നതും ആശാസ്യമല്ല* ➪

**തമിഴ്നാട്ടിലെ** മുതുമലൈ, കർണ്ണാടകയിലെ നാഗർഹോളെ ബന്ദിപ്പൂർ എന്നീ നാഷണൽ പാർക്കുകളുമായി അതിരുകൾ പങ്കിടുന്ന വയനാടൻ കാടുകൾ നീലഗിരി ജൈവ മേഖലയുടെ കണ്ണായ പ്രദേശവും ജൈവവൈവിദ്ധ്യ സമ്പന്നവുമാണ്. കാടും മനുഷ്യർ അധിവസിക്കുന്ന ഗ്രാമങ്ങളും ഇടകലർന്നു കിടക്കുന്ന അതിസങ്കീർണ്ണായ ഭൂപരിസ്ഥിതി നിലനിൽക്കുന്ന ഇന്ത്യയിൽ തന്നെ ഏറ്റവുമധികം മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശം കൂടിയാണിത്. മൂന്നുപതിറ്റാണ്ടായി വനം വന്യജീവി സംരക്ഷണത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും വനം വകുപ്പുതന്നെ നൈസർഗ്ഗിക വനങ്ങൾ വെട്ടിത്തെളിച്ച് തേക്ക്, യൂക്കാലിപ്റ്റസ്, കുരുമുളക്, സോഫ്റ്റൻവുഡ്സ് തുടങ്ങിയവയുടെ ഏകവിള ത്തോട്ടങ്ങൽ ഉണ്ടാക്കിയതിനെ തുടർന്ന് ആവാസ വ്യവസ്ഥയ്ക്കുണ്ടായ നാശത്തിനും കാടിനുണ്ടായ ശോഷണത്തിനും അതിരുകളില്ല. റിസർവ്വ് വനങ്ങളുടെ സിംഹഭാഗവും തോട്ടങ്ങളായി വന്ധ്യമായിപ്പോയതാണ് വയനാട്ടിലെ വന്യജീവി പ്രശ്നത്തിന്റെ മൂലകാരണം. ഇതിനു മുഖ്യ ഉത്തരവാദി വനം വകുപ്പുമാത്രമാണ്.

# മനുഷ്യ-വന്യജീവി സംഘർഷം
# പുതിയ ശ്രമങ്ങൾക്ക് തുടക്കമിടാം

മനുഷ്യ–വന്യജീവി സംഘർഷം വയനാട്ടിൽ അതിരൂക്ഷമായ പ്രശ്നായി മാറിക്കൊണ്ടിരിക്കുകയാണ്. കൃഷിയിടങ്ങളിൽ വന്യജീവികൾ ഇറങ്ങുന്നത് നിത്യസംഭവമായിരിക്കുന്നു. വനംവകുപ്പിന്റെ പ്രതിരോധ പ്രവർത്തനങ്ങളും വൈദ്യുത കമ്പിവേലികളും തുടർച്ചയായി പരാജയപ്പെടുന്ന സാഹചര്യത്തിൽ ശാശ്വതപരിഹാരത്തിനുള്ള കൂട്ടായ ശ്രമത്തിന് കർഷക ക്ലബുകൾ തന്നെ മുന്നോട്ട് വന്നിരിക്കുന്നു. അതിന്റെ ഭാഗമായി നടത്തിയ ശില്പശാലയിലെ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നു.

**വി.എം. ഹരിദാസ്**

സുൽത്താൻ ബത്തേരിയിലെ ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബിന്റെ ചീഫ് കോ- ഓർഡിനേറ്ററാണ് ലേഖകൻ

വന്യജീവികൾ കൃഷിയിടങ്ങളിൽ ഇറങ്ങി നാശം വിതക്കുന്നത് അനുദിനം കൂടിക്കൂടി വരികയാണ്. രാജ്യത്തിന്റെ പൊതുസ്വത്തും അഭിമാനവുമായി വനവും വന്യജീവികളും സംരക്ഷിക്കപ്പെട്ടേ പറ്റൂ. എന്നാൽ കർഷകർ തങ്ങളുടെ ജീവിതമാർഗ്ഗങ്ങൾ നഷ്ടപ്പെടുത്തി എല്ലാം സഹിക്കണമെന്ന് വരുന്നതും ആശാസ്യമല്ല. ഇവയൊക്കെ സംരക്ഷിക്കാൻ കർഷകർ മാത്രം ത്യാഗം സഹിക്കണമെന്ന് പറയുന്നത് അനീതിയാണ്. കർഷകരുടെ ജീവസന്ധാരണത്തിനും കാർഷിക വിളകൾക്കും സുരക്ഷയുണ്ടായേ പറ്റൂ. വനംവകുപ്പിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. അവ ഏറെക്കുറെ പരാജയവുമാണ്. വൈദ്യുത കമ്പിവേലികൾ, കിടങ്ങുകൾ എന്നിവ പരാജയപ്പെടാൻ മുഖ്യകാരണം അഴിമതിയും കെടുകാര്യസ്ഥതയും ജനപങ്കാളിത്തത്തിന്റെ അഭാവവുമാണ്.

വയനാട്ടിൽ നിലനിൽക്കുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന് പാരിസ്ഥിതികമായ മറ്റുകാരണങ്ങൾ കൂടിയുണ്ട്. പ്രമുഖ പരിസ്ഥിതി ശാസ്ത്രകാരനും വയനാട്ടിലെ  കാടുകളെക്കുറിച്ച് പഠനങ്ങൾ നടത്തുകയും ചെയ്യുന്ന ഡോ. സതീഷ്ചന്ദ്രൻ നായർ അതു വ്യക്തമാക്കുന്നു. "നിലമ്പൂർ കോവിലകത്തിന്റെ സ്വകാര്യവനമായിരുന്ന ഗൂഡല്ലൂർ കാടുകളൊക്കെ ബ്രിട്ടീഷ് കാലത്തു തന്നെ നാണ്യവിളത്തോട്ടങ്ങളായി മാറ്റപ്പെടുകയോ വ

നം കൈയേറ്റത്താൽ പിന്നീട് കൃഷിഭൂമിയായി മാറ്റപ്പെടുകയോ ചെയ്തു. ഇതിന്നു വടക്ക് നീലഗിരിയുടെ മഴനിഴൽ പ്രദേശമാണ്. മുതുമല കടുവ സങ്കേതത്തിന്റെ ഒട്ടുമുക്കാൽ പ്രദേശവും ഇതിൽപെടും. ചുരുക്കത്തിൽ നൂൽപ്പുഴയും കണ്ണാരംപുഴയും കടമാൻ തോടും ഉത്ഭവിക്കുന്ന വയനാട് വന്യജീവിസങ്കേതത്തിലെ കാടുകൾ മാത്രമെ ആഹാരത്തിനും ദാഹജലത്തിനുമായി നവംബർ തുടങ്ങി ജൂൺ വരെ നീളുന്ന മഴയില്ലാ മാസങ്ങളിൽ തമിഴ്നാട്ടിലും കർണ്ണാടകത്തിലുമായി ജീവിക്കുന്ന വന്യജീവികൾക്ക് അഭയമായുള്ളൂ. തുലാവർഷം വേണ്ടത്ര ലഭിക്കാത്ത മാസങ്ങളിൽ ഈ സാഹചര്യം കൂടുതൽ ഭീഷണമാകും."

വന്യജീവി സംഘർഷം വയനാട്ടിൽ തീവ്രമാണ് എന്ന് അഭിപ്രായപ്പെടുമ്പോഴും ഇതിന്റെ കാര്യകാരണങ്ങൾ വിശദമായി ചർച്ചചെയ്യപ്പെടാറില്ല. വയനാട് ഏകദേശം പതിനായിരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ബന്ദിപ്പൂരും മുതുമലയും നാഗർഹോളയും സത്യമംഗലവും നീലഗിരിയും ഉൾപ്പെടുന്ന ഒരു വലിയ ഭൂവിഭാഗത്തിന്റെ ഭാഗമാണ്. വയനാട്ടിൽ വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് പുതുമയുള്ള കാര്യമല്ല എന്ന് ചരിത്ര പുസ്തതങ്ങളിലൂടെ കണ്ണോടിച്ചാൽ മനസ്സിലാകും. ആയിരത്തിതൊള്ളായിരത്തിന്റെ തുടക്കത്തിൽ തന്നെ വയനാട് ഏറുമാടങ്ങൾ നിരവധിയുള്ള പ്രദേശമാണെന്ന് അക്കാലത്ത് എഴുതപ്പെട്ട പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പകൽ മുഴുവൻ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ മുഴുകുകയും രാത്രികാലങ്ങളിൽ ഏറുമാടങ്ങളിൽ താമസിച്ച് വന്യജീവികളിൽ നിന്ന് കൃഷിയെ രക്ഷിക്കുകയും ചെയ്യുന്ന പതിവ് അന്ന് നിലവിലുണ്ടായിരുന്നു. ഈ സമീപനത്തിൽ കാതലായ മാറ്റങ്ങൾ പിന്നീടുണ്ടായി. ഈ മാറ്റം വന്യജീവികളിൽ നിന്നുള്ള പ്രശ്നങ്ങൾ വർദ്ധിച്ചു എന്ന ഒരു തോന്നലും ജനങ്ങളിൽ പൊതുവെ ഉണ്ടാകുവാൻ കാരണമായി. വയനാട് വന്യജീവിസംരക്ഷണ കേന്ദ്രവും അതിനോട് അനുബന്ധിച്ച് കിടക്കുന്ന വനപ്രദേശവും നിരവധി മനുഷ്യവാസം ഉള്ള പ്രദേശങ്ങൾ ആണ്. വന്യജീവി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരവധി മാർഗ്ഗങ്ങൾ ഇവിടെ അവലംബിക്കുകയുണ്ടായി. കുറെ സ്ഥലങ്ങളിൽ സൗരോർജ്ജ വേലികളും സ്ഥാപിക്കുകയുണ്ടായി. ഇവ രണ്ടും നിലവിലുള്ള പ്രദേശങ്ങളും വയനാട്ടിൽ കാണാൻ കഴിയും. വിവിധ കാരണങ്ങളാൽ ഇവ ഫലപ്രദമായില്ല എന്നതാണ് അനുഭവം. ഇവയുടെ നിർമ്മാണവും പരിപാലനവും എല്ലാംതന്നെ സർക്കാരിന്റെ ചുമതലയാണ് എന്ന ധാരണ വന്നതോടെ നിത്യ പരിപാലനം ആവശ്യമുള്ള ഇത്തരം പദ്ധതികൾ പരാജയപ്പെടുകയായിരുന്നു.

ദേശീയ അന്തർദേശീയതലത്തിൽ വന്യജീവി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിരവധി പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. കൃഷിയിടങ്ങളുടെ ചുറ്റും തേനീച്ചകളെ വളർത്തുക, മൃഗങ്ങൾ തൊട്ടാൽ ശബ്ദങ്ങൾ ഉണ്ടാക്കുന്ന ഇലക്ട്രോണിക് സംവിധാനങ്ങൾ സ്ഥാപിക്കുക, മുളക് കൊണ്ടുള്ള സംരക്ഷണ വലയങ്ങൾ തീർക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ പരീക്ഷിക്കപ്പെടുകയുണ്ടായി. നിർഭാഗ്യവശാൽ ഇവയിൽ പലതും ചില സ്ഥലങ്ങളിൽ മാത്രമേ വിജയിച്ചുള്ളൂ. ഇവയുടെ ജയപരാജയങ്ങൾക്ക് നിരവധി കാരണങ്ങൾ പറയുവാനുണ്ട്. ആഗോളതലത്തിൽ വിജയപ്രദമായ ഒരേ ഒരു മാർഗ്ഗം കാവൽ ഏർപ്പെടുത്തുക എന്നതുതന്നെയാണ്. നിർഭാഗ്യവശാൽ കർഷകരുടെ സമീപനത്തിൽ വന്നമാറ്റം ഈ ശ്രമങ്ങൾക്ക് തിരിച്ചടിയായി. കൃഷിനാശം നേരിടുന്ന ജനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി നിലവിൽ വന്നതോടെ, ഈ നഷ്ടപരിഹാര പ്രക്രിയ കൂടുതൽ പണം നൽകികൊണ്ട് ശക്തമാക്കണം എന്ന ആവശ്യം ഉയർന്നുവന്നു. പക്ഷേ, വന-വന്യജീവി സംരക്ഷണം സർക്കാരിന്റെ മാത്രം ബാധ്യതയാണെന്നും ഇവ മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കാനുള്ള ബാധ്യതയും സർക്കാരിനാണെന്നും ഉള്ള തെറ്റായ സന്ദേശം ഈ പദ്ധതി നൽകുകയുണ്ടായി.

പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ നടത്തിയ പദ്ധതികളൊന്നും തന്നെ പരിഹാരത്തിലേക്ക് നയിച്ചില്ല. വനത്തിനുള്ളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുക എന്നതുതന്നെയാണ് ശാശ്വതമായ പരിഹാരം. ഇതിനുള്ള ശ്രമങ്ങൾ വനംവകുപ്പ് ചെയ്ത് വരുന്നുണ്ട്. വന്യജീവി പ്രശ്നങ്ങളിൽ നിന്നും ഒരുപരിധിവരെയെങ്കിലും രക്ഷനേടണം എന്നുണ്ടെങ്കിൽ ജനങ്ങളുടെ പങ്കാളിത്തം ഇക്കാര്യത്തിൽ അനിവാര്യമാണ്. കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുവാനായി സർക്കാർ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ വർഷംതോറും ചിലവഴിക്കുന്നുണ്ട്. കൃഷി നഷ്ടപ്പെട്ടതിനുശേഷം നൽകുന്ന ഈ പ്രക്രിയക്കു പകരം കൃഷി നഷ്ടപ്പെടാതെ നോക്കുന്ന പദ്ധതികൾക്കാണ് മുൻതൂക്കം നൽകേണ്ടത്. കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം കാവൽ മാടങ്ങളിൽ കാവൽക്കാരെ നിയോഗിച്ചുകൊണ്ട് കർഷകർതന്നെ ഏറ്റെടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഈ കാവൽമാടങ്ങൾക്കും കാവൽക്കാർക്കും വരുന്ന ചിലവ് സർക്കാർ നൽകേണ്ടതാണ്. ഇത്തരം സഹായങ്ങൾ ലഭിക്കുന്ന കൃഷിയിടങ്ങളിൽ കൃഷിക്കുനാശമുണ്ടാകാതെ സംരക്ഷിക്കേണ്ട ബാധ്യത കർഷകർക്കുതന്നെ വന്നുചേരുന്നു. ഈ



പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ സർക്കാരിന്റെ ധനസഹായം ഉണ്ടാവുകയും ചെയ്യും. ഇത്തരം കൃഷിയിടങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതുമില്ല. നിലവിൽ നഷ്ടപരിഹാരത്തിനായി നൽകുന്ന കോടികൾക്കു പകരം ചിലവ് ലക്ഷങ്ങൾക്കുള്ളിൽ ഒതുങ്ങുകയും നിരവധി ആളുകൾക്ക് തൊഴിൽ ദിനങ്ങൾ നൽകുവാനും സാധിക്കും. വയനാട്ടിലെ വന്യജീവി സംരക്ഷണത്തിന് തദ്ദേശവാസികൾ നിരവധി ത്യാഗങ്ങളിലൂടെ സംഭാവന നൽകുന്നുണ്ട്. ഈ സംഭാവന സർക്കാർ തലത്തിൽ അംഗീകരിക്കുകയും അതിനുവേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകും വേണം. ജനപങ്കാളിത്തത്തിലൂടെ മാത്രമേ വന്യജീവി സംരക്ഷണം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

### ചർച്ചയിൽ ഉയർന്നുവന്നത്

മൂന്നുഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും താഴെ പറയുന്ന കാര്യങ്ങൾ വിശദമായി ചർച്ചയ്ക്കു വിധേയമാക്കി.

1. വന്യജീവികളുമായി സംഘർഷമുണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെ? ഏതൊക്കെ മൃഗങ്ങളാണ് പ്രശ്നമുണ്ടാക്കുന്നത്?
2. നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ പര്യാപ്തമാണോ? അല്ലെങ്കിൽ എന്തുകൊണ്ട്?
3. പുതുതായി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ ഏതെല്ലാമാണ്? അവയുടെ പ്രായോഗിക ക്ഷമതയെക്കുറിച്ചുള്ള അഭിപ്രായങ്ങളെന്തെല്ലാം?

മൂന്നു ഗ്രൂപ്പുകളും പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിലും കാരണങ്ങൾ കണ്ടെത്തുന്നതിലും ഏതാണ്ട് ഏകതാന സ്വഭാവം കാണിച്ചിരുന്നു. അതുകൊണ്ടുതന്നെ പൊതുവായ നിർദ്ദേശങ്ങളാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

### കാരണങ്ങൾ

1. വന്യജീവികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. മുതുമലയിൽ നടത്തിയ പഠനങ്ങൾ ഇതു വ്യക്തമാക്കുന്നുണ്ട്. എന്നാൽ വന്യജീവി കേന്ദ്രമടക്കമുള്ള വയനാടൻ കാടുകളിൽ ശാസ്ത്രീയമായ പഠനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. എങ്കിലും ഏറെക്കാലമായി കാടിനെ നിരീക്ഷിക്കുന്നവരും മുതിർന്ന കർഷകരും ഇക്കാര്യം തെളിവുസഹിതം ഉന്നയിക്കുന്നുണ്ട്. മനുഷ്യന് ഏറെ ശല്യം ചെയ്യുന്ന പന്നി, മാൻ എന്നിവയുടെ ക്രമാതീതമായ വർദ്ധനവിന് കുറുക്കനും ചെന്നായയും കാട്ടിൽ നിന്നും അന്യംനിന്നുപോയതുകൊണ്ടാണെന്നും കൃഷിയിടങ്ങളിലെ കീടനാശിനി പ്രയോഗമാണ് ഇതിനുകാരണമെന്നും വിലയിരുത്തൽ ഉണ്ടായി. കുരങ്ങ്, മലയണ്ണാൻ എന്നിവയുടെ ശല്യത്തിന് കാരണം കാടുകൾ നന്നെ ശുഷ്ക്കമായിപ്പോയതാണ്.

2. ആവാസവ്യവസ്ഥയുടെ നാശം: നിബിഡവും വന്യജീവികൾക്ക് തീറ്റയും കുടിവെള്ളവും സുലഭവുമായിരുന്ന കാടുകൾ മനുഷ്യരു

ടെ പലതരത്തിലുള്ള ഇടപെടൽകൊണ്ട് ശോഷിച്ച് ശുഷ്ക്കമായിക്കൊണ്ടിരിക്കുകയാണ്. ഇതിൽ മുഖ്യപങ്ക് വനംവകുപ്പിനുതന്നെയാണ്. കാരണങ്ങൾ ചുരുക്കി പറയാം.

– നൈസർഗിക വനങ്ങൾ വെട്ടിനശിപ്പിച്ച് തേക്ക്, യൂക്കാലിപ്റ്റ്സ് ചവോക്ക്, കുരുമുളക്, കാപ്പി തുടങ്ങിയ ഏക വിളത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചു.

– കളച്ചെടികൾ : കമ്മ്യൂണിസ്റ്റ് പച്ച, അരിപ്പു തുടങ്ങിയ കളച്ചെടികൾ കാടുകൾ കൈയടക്കി.

– വർഷാവർഷം പടർന്നുപിടിക്കുന്ന കാട്ടുതീ: ഇത് അമൂല്യമായ ജൈവവൈവിദ്ധ്യത്തെ നക്കിത്തുടച്ചു കൊണ്ടിരിക്കുകയാണ്. കാടിന്റെ ആരോഗ്യം ക്ഷയിച്ചു. വനപരിസരത്തെ ജനങ്ങളുടെ അജ്ഞതയും കാട്ടുതീക്ക് ആക്കം കൂട്ടി. അവരെ ബോധവൽക്കരിക്കാനോ അവരുടെ പിന്തുണയോടെ തീ നിയന്ത്രിക്കാനോ

മനുഷ്യരുമായുള്ള നിരന്തര സമ്പർക്കവും പലപ്പോഴുമുണ്ടാകുന്ന സംഘർഷവും വന്യജീവികളുടെ സ്വഭാവത്തിൽ വൻമാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ടൂറിസം ഇതിന് മറ്റൊരു കാരണമാണ്. ഇതുസംബന്ധിച്ച് യാതൊരു പഠനവും ഇന്നുവരെ നടന്നിട്ടില്ല.

വനംവകുപ്പിന് കഴിഞ്ഞില്ല. ഇത് വനത്തിന്റെ ശോഷണം വർദ്ധിപ്പിച്ചു.

– അനിയന്ത്രിതമായ കന്നുകാലി മേയ്ക്കൽ: മുൻപും ഇത് കാടിന് വലിയ ക്ഷതമേൽപ്പിച്ചിട്ടുണ്ട്. എന്നാൽ വനത്തിനുള്ളിലും വനയോരങ്ങളിലും താമസിക്കുന്ന കർഷകരും ആദിവാസികളും വൻതോതിൽ ഇപ്പോൾ കന്നുകാലികളെ കാട്ടിൽ മേയ്ക്കുന്നില്ല. കാർഷികാവശ്യത്തിന് കന്നുകാലികലെ ഉപയോഗിക്കാത്തതും ജീവിത രീതിയിൽ വന്നമാറ്റവുമാണ് ഇതിനു കാരണം. എന്നാൽ വനപരിസരത്ത് കൂണുകൾ പോലെ പോത്തുഫാമുകൾ മുളച്ചുപൊന്തുകയാണിപ്പോൾ. വയനാട് വന്യജീവി കേന്ദ്രത്തിൽ മാത്രം ഇരുപത്തി അയ്യായിരത്തിലധികം കന്നുകാലികൾ മേയുന്നതിൽ അധികവും പോത്തുകളാണ്. ഈ പോത്തുകൂട്ടങ്ങൾ വന്യമൃഗങ്ങൾ മേയേണ്ട ഉൾക്കാടുകളിലെ പുല്ലും പച്ചപ്പും തിന്ന് മുടിച്ചുകൊണ്ടിരിക്കുകയാണ് വയനാടൻ കാടുകൾ ഇപ്പോൾ നേരിടുന്ന പ്രധാന ഭീഷണി കാട്ടുതീയും കന്നുകാലി മേയ്ക്കലുമാണ്.

– സ്വാഭാവിക വനങ്ങളുടെ ശോഷണവും മുളങ്കൂട്ടങ്ങളുടെ നാശവും മുളങ്കൂട്ടങ്ങൾ വ്യാപകമായി പൂത്തുണങ്ങിയത് വന്യജീവികളുടെ തീറ്റയിൽ കാര്യമായി കുറവു ഉണ്ടാക്കിയിരുന്നു. തീറ്റയും വെള്ളവും കാടിന്റെ ആർദ്രതയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

3. കാട്ടിൽ വെള്ളവും തീറ്റവും സ്വസ്ഥയും നഷ്ടമാകുമ്പോൾ വന്യജീവികൾ അടുത്തുള്ള കൃഷിയിടങ്ങളിലേക്കിറങ്ങുന്നു. ചക്ക, മാങ്ങ തുടങ്ങിയ പഴങ്ങളും നെല്ല് തുടങ്ങിയ ധാന്യങ്ങളും തിന്നുശീലിച്ച ആനയും മാനുമൊക്കെ വീണ്ടും വീണ്ടും കൃഷിയിടങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. നെല്ലുപൂക്കുന്ന മണം വളരെ അകലത്തുനിന്നും ആനകലെ ആകർഷിക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്.

4. കാടിനുള്ളിൽ നിരവധി ജനവാസകേന്ദ്രങ്ങൾ പരമ്പരാഗതമായി നിലനിൽക്കുന്നുണ്ട്. അവിടങ്ങളിലൊക്കെ വൻജനസംഖ്യാവർദ്ധനവുണ്ടായിട്ടുണ്ട്. വയനാട് വന്യജീവിസങ്കേതത്തിൽ മാത്രം 110 സെറ്റിൽമെന്റുകളിലായി പതിനൊന്നായിരം ജനങ്ങൾ താമസിക്കുന്നുണ്ട്. ഇവിടെ താമസിക്കുന്നവരും കന്നുകാലികളും ഉൾക്കാടുകളിൽവരെ വന്യജീവികൾക്ക് സ്വൈര്യവിഹാരത്തിന് ഭംഗമുണ്ടാക്കുന്നുണ്ട്.

5. റോഡുകളുടെയും കൃഷിയിടങ്ങളുടെയും കടന്നുകയറ്റംമൂലം കാടിന്റെ തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നു. ആനപ്രതിരോധ കിടങ്ങുകൾ വിവേകരഹിതമായി ഉണ്ടാക്കിയതും കാടിന്നു തുടർച്ചയില്ലാത്തതും വന്യജീവികളുടെ സ്വച്ഛമായ ജീവിതത്തെ അലോസരപ്പെടുത്തുന്നുണ്ട്.

6. പുതിയ പ്രൊജക്ടുകളും കെട്ടിടങ്ങളും മൂലം ആനകളുടെയും മറ്റും പരമ്പരാഗത സഞ്ചാരപഥങ്ങൾ ഛേദിക്കപ്പെട്ടിരിക്കുന്നു. ഇത് ആനകളുടെ സുഗമമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നു.

7. മനുഷ്യരുമായുള്ള നിരന്തര സമ്പർക്കവും പലപ്പോഴുമുണ്ടാകുന്ന സംഘർഷവും വന്യജീവികളുടെ സ്വഭാവത്തിൽ വൻമാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ടൂറിസം ഇതിന് മറ്റൊരുകാരണമാണ്. ഇതുസംബന്ധിച്ച് യാതൊരു പഠനവും ഇന്നുവരെ നടന്നിട്ടില്ല.

8. വനപരിസരങ്ങളിലെ ജനവിഭാഗങ്ങളിൽ വന്ന സാമൂഹിക മാറ്റങ്ങളും കാണാതിരുന്നു കൂടാ. പഴയകാലത്ത് അത്താഴം കഴിഞ്ഞാൽ ആണുങ്ങൾ ഏറുമാടത്തിൽ ചെന്ന് കാവിലിരുന്ന് മൃഗങ്ങളിൽ നിന്നും വിളകൾ കാക്കുമായിരുന്നു. അതിപ്പോൾ പൂർണ്ണമായും ഇല്ലാതായി. യുവാക്കൾക്ക് കൃഷിയോട് വൈമുഖ്യം കൂടിയതും ഒരു കാരണമാണ്.

9. ഒരേ സംസ്ക്കാരവും ജീവിതായോധന രീതികളും മാത്രമല്ല കെട്ടുറപ്പുള്ള സാമൂഹിക ബന്ധവും ഉണ്ടായിരുന്ന, വനഗ്രാമങ്ങളിൽ താമസിച്ചിരുന്ന സമൂഹങ്ങൾക്ക് ഇന്നതെല്ലാം ന

ഷ്ടപ്പെട്ടിരിക്കുന്നു. ആദിവാസി ഗോത്രങ്ങളിൽ വരെ ഇതുപ്രകടമാണ്. പലനാടുകളിൽനിന്ന് പല താൽപ്പര്യമുള്ളവർ ഈ ഗ്രാമങ്ങളിൽ വന്നതോടെ കൂട്ടായ പരിശ്രമങ്ങൾ ഇല്ലാതാവുകയും പല പാരമ്പര്യങ്ങളും പഴഞ്ചനെന്ന പേരിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്തു.

10. ഇക്കോ ടൂറിസമെന്ന പേരിൽ കാടിന്നകത്തേക്ക് അനിയന്ത്രിതമായി വാഹനങ്ങളിൽ സന്ദർശകർ കയറിച്ചെല്ലുന്നതും, കാടിന്നുള്ളിൽ ബഹളമുണ്ടാക്കുന്നതും വനാതിർത്തികളിൽ ഉയർന്നുവരുന്ന റിസോർട്ടുകളും മറ്റും ഉപ്പും മറ്റ് രാസവസ്തുക്കളും ഉപയോഗിക്കുന്നതും മൃഗങ്ങളുടെ സ്വഭാവങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഉൾക്കാടുകളിൽ സ്വാസ്ഥ്യം നഷ്ടപ്പെട്ട മൃഗങ്ങൾ ഗ്രാമങ്ങളിലേക്കിറങ്ങുന്നത് സ്വാഭാവികമാണ്.

11. വനാതിർത്തിക്കുള്ളിലെ കമ്പിവേലികൊണ്ട് ഇപ്പോൾ ഒരു പ്രയോജനവും ആർക്കും ലഭിക്കുന്നില്ല. കമ്മീഷൻ മാത്രം മോഹിച്ച് ഗുണമേന്മയില്ലാത്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നതുകൊണ്ട് വളരെ പെട്ടെന്ന് ഉപയോഗശൂന്യമാവുന്നു. കിടങ്ങുകൾ വർഷാവർഷം അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ അവയും ഫലപ്രദമാകുന്നില്ല. ചുരുക്കത്തിൽ എല്ലാം ഒരു അനുഷ്ഠാനമായി അധപതിക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. പ്രൊജക്ടുകൾ തയ്യാറാക്കുന്നത് വനപരിസരത്തുള്ള പ്രശ്നബാധിത അറിവോടെയോ അവരുടെ ഇംഗിതത്തിനനുസരിച്ചോ അല്ല. ജനങ്ങളുടെ അറിവോടെയും സ്വന്തം പദ്ധതിയെന്ന വികാരത്തോടെയും പരിഹാരനടപടികൾ ഉണ്ടാകണം.

2. ആനക്കിടങ്ങുകൾ, വൈദ്യുതി, കന്മതിൽ എന്നിങ്ങനെ വ്യത്യസ്ത പ്രതിരോധരീതികൾ ചർച്ചയിൽ ഉയർന്നുവന്നു. ഇവയൊന്നും പൂർണ്ണ പരിഹാരമായി അനുഭവപ്പെടുന്നില്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കാതെയും, ഏതെല്ലാം രീതിയിലുള്ള ശല്യമാണ് അനുഭവപ്പെടുന്നതെന്ന് പഠിച്ച് വിലയിരുത്താതെയും ഉദ്യോഗസ്ഥരുടെയും പലപ്പോഴും കരാറുകാരുടെയും ഇംഗിതത്തിനനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ് പരാജയ കാരണം. വൻകിട തോട്ടങ്ങൾ ചെയ്യുന്നതുപോലെ ശക്തിയുള്ള കമ്പിക്കാലിൽ ഗുണമേന്മയുള്ള ഇരുമ്പ് വലകൾ കിടങ്ങിന് മുകളിലായി സ്ഥാപിക്കുന്നത് പന്നി, മാൻ തുടങ്ങിയ മൃഗങ്ങളെ അകറ്റുന്നതിന് പ്രയോജനകരമാണ്.

3. സോളാർ ഫെൻസിംഗ്: ഉപകരണങ്ങളുടെ ഗുണമേന്മ ഇല്ലായ്മ, യഥാസമയത്തുള്ള അറ്റകുറ്റപ്പണികളുടെയും ദൈനംദിനമുള്ള പരിചരണത്തിന്റെയും അഭാവം തുടങ്ങിയ കാരണങ്ങാൽ ഇത് വൻ പരാജയമാണ്. ഇതിന്റെ സംരക്ഷണവും അറ്റകുറ്റപണിയും മാത്രമല്ല നിർമ്മാണവും കർഷക ഗ്രൂപ്പുകളെ എൽപ്പിക്കണം. അവർക്ക് അതിനുള്ള പ്രതിഫലവും നൽകണം. അതോടൊപ്പം സ്വന്തം കൃഷിസ്ഥലം കമ്പിവേലിയോ കിടങ്ങോ നിർമ്മിച്ച് സംരക്ഷിക്കുന്ന കർഷകർക്ക് അതിന്റെ മുഴുവൻ ചെലവും നൽകാൻ വനംവകുപ്പ് തയ്യാറാകണം. വാർഷിക അറ്റകുറ്റപണികൾക്ക് സഹായവും നൽകണം. ഇത്തരക്കാർക്ക് കാർഷിക വിളനാശമുണ്ടായാൽ നഷ്ടപരിഹാരം നൽകേണ്ടതില്ല.

4. വനത്തിനുള്ളിലെ ഗ്രാമങ്ങളിൽ നിന്നുമുള്ള മാറ്റിപ്പാർപ്പിക്കലും പുനഃരധിവാസവും വളരെ അടിയന്തിരമായും വേഗത്തിലും നടപ്പിലാക്കണം. വനയോരങ്ങളിലും വനത്തിനുള്ളിലുമുള്ളവർക്ക് വ്യത്യസ്ത പദ്ധതികൾ ഉണ്ടാകണം. നഷ്ടപരിഹാരം ഉറപ്പാക്കണം.

5. വനത്തിനകത്തുള്ള അനാവശ്യ ഇടപെടലുകളും നിർമ്മാണ പ്രവർത്തനങ്ങളും അതിരുകവിഞ്ഞ വനവിഭവ ശേഖരണവും അനിയന്ത്രിതമായ ടൂറിസവും ഉടനടി അവസാനിപ്പിക്കണം. തേക്ക്, യൂക്കാലിപ്റ്റസ് തുടങ്ങിയ ഏകവിളത്തോട്ടങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ ഉടൻ ഉണ്ടാകണം. കാട്ടുതീ ജനപങ്കാളിത്തത്തോടെ തടയണം. ഇത്തരം വനസംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുകയാണെങ്കിൽ വനത്തോടും ഉദ്യോഗസ്ഥരോടുമുള്ള ജനങ്ങളുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റമുണ്ടാകും.

6. പരമ്പരാഗത കാവൽ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കണം. അതിനായി കർഷകർക്ക് സാമ്പത്തിക സഹായം നൽകണം.

7. വനംവകുപ്പും വനപരിസരത്തെയും വനത്തിനുള്ളിലെയും കർഷകരും തമ്മിലുള്ള ബന്ധം ഊഷ്മളവും സൗഹാർദ്ദപരവുമായിരിക്കണം. അതിനായി ബോധവത്കരണ പരിപാടികൾ നടത്തേണ്ടതാണ്. വനംവകുപ്പ് ഉദ്യോഗസ്ഥർക്കും ക്ലാസുകൾ നൽകണം.

8. വനത്തിന്റെ നിശ്ചിത അതിരുകൾക്കുള്ളിൽ താമസിക്കുന്നവർക്കും ഏതെങ്കിലും വന്യജീവികളുടെ സാന്നിദ്ധ്യം ഉള്ളതുമായ കൃഷിഭൂമി കൈവശമുള്ളവർക്കും വന്യജീവി സാന്ദ്രതയുടെയും കൈവശമുള്ള ഭൂവിസ്തൃതിയുടെയും അടിസ്ഥാനത്തിൽ വാർഷിക ഗ്രാന്റ് കൊടുക്കണം.

9. വന്യജീവിശല്യം നിമിത്തം പരമ്പരാഗതമായി ചെയ്തുവന്നിരുന്ന നെൽകൃഷി പലരും ഉപേക്ഷിച്ചു. നെൽകൃഷി നിർവ്വഹിക്കുന്ന പരിസ്ഥിതി ധർമ്മം കണക്കിലെടുത്ത് വൻ പ്രോത്സാഹനം പ്രഖ്യാപിക്കണം.

(കടപ്പാട്: സൂചീമുഖി) ■